സി2/10571/ടി.സി/2014

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി 16.06.2017

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,

തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാർ

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ

എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നത് 'ഓപ്പറേഷൻ സുരക്ഷ' - സംബന്ധിച്ച്

സൂചന :-

1) ബഹു. സുപ്രീം കോടതി നിയമിച്ചിട്ടുള്ള റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശം (കത്ത് നം. 5/2014/CoRS-Part III dated 18.8.2015)
2) 2.6.2017-ൽ എറണാകുളത്ത് വച്ച് നടന്നിട്ടുള്ള ഡി.റ്റി.സി.മാരുടെ യോഗത്തിലെടുത്ത തീരുമാനം
3) സർക്കുലർ 6/2008 തീയതി 8.3.2008
4) സർക്കുലർ 21/2008 തീയതി 2.8.2008
5) സർക്കുലർ 19/2014 തീയതി 4.10.2014

റോഡ് സുരക്ഷയ്ക്കായി ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിയുടെ നിർദ്ദേശാനുസരണം റെഡ് ലൈറ്റ് ലംഘനം, അമിത വേഗത, ചരക്ക് വാഹനങ്ങളിൽ യാത്രക്കാരെ കയറ്റൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, വാഹനം ഓടിക്കുന്ന സമയത്ത് മൊബൈൽ ഫോൺ ഉപയോഗിക്കൽ തുടങ്ങിയ സാഹചര്യങ്ങളിൽ ലൈസൻസ് വിലക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ ഓഫീസുകൾക്കും താഴെപ്പറയുന്ന നിർദ്ദേശം നൽകുന്നു.

1) ലൈസൻസുമായി ബന്ധപ്പെട്ട ഗതാഗത നിയമ ലംഘനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വകുപ്പിലെ എല്ലാ ആർ.ടി.ഒ./സബ് ആർ.ടി.ഒ. ഓഫീസുകളിലും ഒരു സെൽ രൂപീകരിക്കേണ്ടതും ഇതിൽ ക്ലാർക്ക്, സൂപ്പർവൈസറി ഉദ്യോഗസ്ഥൻ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തുടങ്ങിയവർ ഉണ്ടാവേണ്ടതുമാണ്.

2) നിയമ ലംഘനങ്ങൾ നേരിട്ട് പിടിക്കുന്ന അവസരത്തിൽ, എ.എം.വിഐ,/എം.വി.ഐ.-മാർ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതു സംബന്ധിച്ച് നോട്ടീസ് കുറ്റാരോപിതനും, പകർപ്പ് സ്പെഷ്യൽ സെല്ലിനും നൽകേണ്ടതാണ്. ക്യാമാറാ വഴി നിയമലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം, സ്പെഷ്യൽ സെല്ലിലെ ഉദ്യോഗസ്ഥർ, ഇവയുടെ വിശദാംശങ്ങൾ ഡൌൺലോഡ് ചെയ്യേണ്ടതും ചെക്ക് റിപ്പോർട്ടിന് പകരമുള്ള നോട്ടീസ് കുറ്റാരോപിതന് നൽകേണ്ടതുമാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് സന്ദർഭങ്ങളിലും, അഞ്ചോ അതിലധികമോ കുറ്റകൃത്യങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ള ലൈസൻസ് ഉടമയ്ക്ക് ലൈസൻസ് റദ്ദാക്കാനുള്ള രജിസ്റ്റേഡ് വിത്ത് അക്നോളഡ്ജ് ആയുള്ള നോട്ടീസ് അടുത്ത ദിവസം തന്നെ നൽകേണ്ടതും ടി വിവരം വകുപ്പിലെ സ്മാർട്ട് മൂവ് സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്. സ്പീഡ് ക്യാമറ വഴി അമിത വേഗത കണ്ടെത്തുകയും നോട്ടീസ് നൽകിയിട്ടും

മറുപടി ലഭ്യമാകാത്ത സന്ദർഭങ്ങളിൽ വാഹന ഉടമയ്ക്കെതിരെ പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) ഡ്രൈവിംഗ് ലൈസൻസ് അയോഗ്യത കൽപ്പിക്കൽ, നോട്ടീസ് അയയ്ക്കൽ തുടങ്ങിയവയ്ക്ക് സ്പെഷ്യൽ സെല്ലിൽ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. അനുബന്ധങ്ങൾ ഉൾക്കൊള്ളിക്കുന്നു.

4) ലൈസൻസ് സസ്പെൻഷൻ അനുബന്ധ ജോലികൾക്ക് മാത്രമായി ആഴ്ചയിലെ ഒരു ദിവസം (ബുധനാഴ്ചയ്ക്ക് മുൻഗണന നൽകണം) മാറ്റിവെയ്ക്കേണ്ടതാണ്. വിശദീകരണം എഴുതി വാങ്ങണം. ലൈസൻസ് നേരത്തെ സറണ്ടർ ചെയ്യാത്ത സാഹചര്യങ്ങളിൽ ഹിയറിംഗ് ദിനം തന്നെ ലൈസൻസ് തിരികെ വാങ്ങേണ്ടതാണ്. ലൈസൻസ് അയോഗ്യത കൽപ്പിക്കുന്ന സാഹചര്യത്തിൽ അന്നു തന്നെ ഇതു സംബന്ധിച്ച് ഉത്തരവ് ഇറക്കുകയും അതിൽ അയോഗ്യത കൽപ്പിക്കാനുണ്ടായ സാഹചര്യവും കാലാവധിയും സൂചിപ്പിച്ചിരിക്കുകയും വേണം. ലൈസൻസ് അയോഗ്യത കൽപ്പിച്ചതിനു ശേഷം അയോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയ ലൈസൻസ് മടക്കി നൽകാവുന്നതാണ്.

5) ഉത്തരവ് ഇറക്കിയ തീയതിയോ, ഹിയറിംഗ് നടത്തിയ തീയതിയോ ആയിരിക്കും എല്ലാ സാഹചര്യങ്ങളിലും ലൈസൻസ് വിലക്കൽ തീയതി. അല്ലാതെ മുൻകാല പ്രാബല്യം വച്ച് ലൈസൻസ് അയോഗ്യത കൽപ്പിക്കുവാൻ പാടില്ല.

6) ലൈസൻസ് ഉടമ ഏതെങ്കിലും സാഹചര്യത്തിൽ മനപൂർവ്വം നോട്ടീസ് കൈപ്പറ്റാതിരിക്കുകയോ ഹിയറിംഗിന് ഹാജരാകാതെ ഇരിക്കുകയോ ചെയ്യുന്ന പക്ഷം 14 ദിവസങ്ങൾക്ക് ശേഷം ലൈസൻസ് അയോഗ്യത കൽപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

7) എല്ലാത്തരം ലൈസൻസ് വിലക്കലിനുശേഷവും ടി വിവരം വാഹനം ഇൻഷ്വർ ചെയ്തിട്ടുള്ള ഇൻഷുറൻസ് കമ്പനിയെ ഇതു സംബന്ധിച്ചിറക്കിയ ഉത്തരവ് സഹിതം അറിയിക്കേണ്ടതാണ്.

8) എല്ലാ ഫീൽഡ് ഉദ്യോഗസ്ഥരും ചെക്കിംഗ് സമയത്ത് അവരുടെ കൈവശം കാരണം കാണിക്കൽ നോട്ടീസ് സൂക്ഷിക്കേണ്ടതാണ്.

ആർ.ടി.ഓ./ജോ.ആർ.ടി.ഒ. ലൈസൻസ് വിലക്കുന്നതിനായി നൽകിയിട്ടുള്ള നോട്ടീസ് കുറ്റക്കാരൻ നിരസിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്) വാഹനം കണ്ടുകെട്ടുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരത്തിൽ കണ്ടുകെട്ടുന്ന വാഹനം ട്രാൻസ്പോർട്ട് വാഹനമാണെങ്കിൽ വാഹനത്തിന്റെ പെർമിറ്റ് ഉടമയ്ക്കെതിരെ നടപടികൾ എടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് എല്ലാ വെള്ളിയാഴ്ചകളിലും എല്ലാ ആർ.ടി.ഒ.മാരും കമ്മിഷണറേറ്റിലേയ്ക്ക് അയക്കേണ്ടതാണ്.

കേരള മോട്ടോർ വാഹന ചട്ടം 405 പ്രകാരം ഡ്രൈവിംഗ് ലൈസൻസ്, കണ്ടക്ടർ ലൈസൻസ്, വാഹന രജിസ്ട്രേഷൻ/പെർമിറ്റിന്മേൽ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി വാഹന ഉടമ/ഡ്രൈവർ/കണ്ടക്ടർ എന്നിവർക്ക് ബന്ധപ്പെട്ട അതോറിറ്റി മുമ്പാകെ ഹാജരാകാനുള്ള കാരണം കാണിക്കൽ നോട്ടീസ് വാഹന പരിശോധനയ്ക്കൊപ്പം നൽകുവാൻ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മുതൽ മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥരേയും അധികാരപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി

16/6/17

**ANNEXURE-A**

Details of memo issued

| Sl.no. | Vehicle no. | DL No. | Name of licence holder | Date of notice | Name of officer by whom the notice is prepared/camera id | DL suspended or not | Reason |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

ANNEXURE -B
Details of licence suspension

| Sl.No. | Date | D/L No. | Name of DL Holder | Period of suspension | Reason for suspension | Remarks |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |